മാധ്യമം
Dated - 27/10/2025
Malappuram Edition
Page No - 10
Column - 1

# മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്

**വളാഞ്ചേരി**

മൂന്നാമത് ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് നവംബർ എട്ടിന് നിലമ്പൂർ ചുങ്കത്തറ മാർത്തോമാ എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. നവംബർ നാലിനുമുമ്പ് രജിസ്ട്രേഷൻ www.throwballkerala.com വഴി പൂർത്തിയാക്കണം. ഫോൺ: 85908[illegible]050, 9633871688.

ദേശാഭിമാനി

Date – 26/10/2025
Malappuram Edition
Page No – 3
Column –5

# മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് 8ന്

വളാഞ്ചേരി

മൂന്നാമത് ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ് നവംബർ എട്ടിന് നിലമ്പൂർ ചുങ്കത്തറ മാർത്തോമാ എച്ച്എസ്എസ് ഗ്രൗണ്ടിൽ നടക്കും. നവംബർ നാലിനുമുമ്പ് രജിസ്ട്രേഷൻ www.throwballkerala.com വഴി പൂർത്തിയാക്കണം. ഫോൺ: 8590806050, 9633871688.

ദേശാഭിമാനി E-PAPER

Date - 9/11/2025
Malappuram Edition

Page No - 12
Column - 6,7,8

ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പ്

# ചുങ്കത്തറ മാർത്തോമയും നിലമ്പൂർ ലിറ്റിൽ ഫ്ലവറും ചാമ്പ്യൻമാർ

വളാഞ്ചേരി

മൂന്നാമത് മലപ്പുറം ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമാ സ്കൂളും പെൺകുട്ടികളുടെ വിഭാഗത്തിൽ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാമ്പ്യൻമാരായി. ആൺകുട്ടികളിൽ ചന്തക്കുന്ന് എയുപി സ്കൂളും പെൺകുട്ടികളിൽ വാണിയമ്പലം സെന്റ് ഫ്രാൻസിസ് സ്കൂളും രണ്ടാം സ്ഥാനം നേടി. പെൺകുട്ടികളുടെ വിഭാഗത്തിൽ ചന്തക്കുന്ന് എയുപി സ്കൂളും മാർത്തോമാ സ്പോർട്സ് അക്കാദമിയും ആൺകുട്ടികളുടെ വിഭാഗത്തിൽ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും മാർത്തോമാ സ്പോർട്സ് അക്കാദമിയും എസ്എൻഎം സ്പോർട്സ് അക്കാദമിയും മൂന്നാം സ്ഥാനം പങ്കിട്ടു. മികച്ച കളിക്കാരായി മാർത്തോമയിലെ മുഹമ്മദ് നദിമിനെയും നിലമ്പൂർ ലിറ്റിൽ ഫ്ലവറിലെ അമലിൻ റിജോയെയും തെരഞ്ഞെടുത്തു.



ജില്ലാ മിനി ത്രോബോൾ ചാമ്പ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമി ടീം



ആൺകുട്ടികളുടെ വിഭാഗം ചാമ്പ്യൻമാരായ ചുങ്കത്തറ മാർത്തോമാ എച്ച്എസ്എസ് ടീം

ചാമ്പ്യൻഷിപ്പ് ചുങ്കത്തറ മാർത്തോമാ എച്ച്എസ്എസ് പ്രിൻസിപ്പൽ ഉമ്മൻ മാത്യു ഉദ്ഘാടനം ചെയ്തു. ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് മറിയാമ്മ അധ്യക്ഷയായി. സമാപന സമ്മേളനത്തിൽ മാർത്തോമാ സ്കൂൾ മാനേജർ ഫാദർ ജിനു ഈപ്പൻ കുര്യൻ സമ്മാനദാനം നിർവഹിച്ചു. ജില്ലാ അസോസിയേഷൻ ജോയിന്റ് സെക്രട്ടറി ടി ബദറുദ്ധീൻ അലി സ്വാഗതവും അസോസിയേഷൻ സെക്രട്ടറി ഡോ. ഷമീം പറശ്ശേരി നന്ദിയും പറഞ്ഞു.

കൊല്ലത്ത് നടക്കുന്ന സംസ്ഥാന ചാമ്പ്യഷിപ്പിന് ജില്ലാ ടീം ക്യാമ്പിലേക്കുള്ള അംഗങ്ങളെയും തെരഞ്ഞെടുത്തു.

മലയാള മനോരമ

ESTABLISHED 1888

Dated - 10/11/2025

Malappuram Edition

Page No -3

Column - 4,5



ചുങ്കത്തറയിൽ മലപ്പുറം ജില്ലാ മിനി ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചാംപ്യന്മാരായ ചുങ്കത്തറ മാർത്തോമ്മാ എച്ച്എസ്എസ് ടീം.



ചുങ്കത്തറയിൽ മലപ്പുറം ജില്ലാ മിനി ത്രോബോൾ ചാംപ്യൻഷിപ്പിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ജേതാക്കളായ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമി.

## ജില്ലാ മിനി ത്രോബോൾ ചാംപ്യൻഷിപ്

# ചുങ്കത്തറ മാർത്തോമ്മാ സ്കൂളും നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാംപ്യന്മാർ

**നിലമ്പൂർ ●** മലപ്പുറം ജില്ലാ മിനി ത്രോബോൾ ചാംപ്യൻഷിപ്പിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ചുങ്കത്തറ മാർത്തോമ്മാ സ്കൂളും പെൺകുട്ടികളുടെ വിഭാഗത്തിൽ നിലമ്പൂർ ലിറ്റിൽ ഫ്ലവർ സ്പോർട്സ് അക്കാദമിയും ചാംപ്യന്മാരായി. ആൺകുട്ടികളിൽ ചന്തക്കുന്ന് എയുപി രണ്ടാം സ്ഥാനം കരസ്ഥമാക്കി. ലിറ്റിൽ ഫ്ലവർ, മാർത്തോമ്മാ, എസ്എൻഎം സ്പോർട്സ് അക്കാദമികൾ മൂന്നാം സ്ഥാനം പങ്കിട്ടു. പെൺകുട്ടികളിൽ വാണിയമ്പലം സെന്റ് ഫ്രാൻസിസ് സ്കൂൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി. ചന്തക്കുന്ന് എയുപി സ്കൂൾ, മാർത്തോമാ സ്പോർട്സ് അക്കാദമി എന്നിവർക്കാണ് മൂന്നാം സ്ഥാനം. മികച്ച കളിക്കാരായി മാർത്തോമാ എച്ച്എസ്എസിലെ മുഹമ്മദ് നദിം, നിലമ്പൂർ ലിറ്റിൽ ഫ്ലവർ അക്കാദമിയിലെ അമലിൻ റിജോ എന്നിവരെ തിരഞ്ഞെടുത്തു. ചുങ്കത്തറ മാർത്തോമ്മാ എച്ച് എസ്എസിൽ മത്സരം പ്രിൻസിപ്പൽ ഉമ്മൻ മാത്യു ഉദ്ഘാടനം ചെയ്തു. ത്രോബോൾ അസോസിയേഷൻ വൈസ് പ്രസിഡന്റ് എം.ഐ.മറിയാമ്മ അധ്യക്ഷത വഹിച്ചു. സമാപന സമ്മേളനത്തിൽ റവ. ജിനു ഈപ്പൻ കുര്യൻ സമ്മാനദാനം നിർവഹിച്ചു. ടി.ബദറുദ്ദീൻ അലി, ഡോ.ഷമീം പറശ്ശേരി എന്നിവർ [illegible]